# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 583** **07.01.2014–ലെ മറുപടിക്ക്**

## കേന്ദ്ര സർക്കാരിൽ നിന്നും എടുത്ത വായ്പകൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.വി. അബ്ദുൾ ഖാദർ**

**ശ്രീ. കെ.എം. മാണി**
**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷവും നാളിതു വരെ കേന്ദ്ര സർക്കാരിൽ നിന്നും എടുത്ത വായ്പകൾ എത്ര ; കമ്പോള വായ്പകൾ എത്ര ; എൽ.ഐ.സി., നബാർഡ് തുടങ്ങിയ സ്ഥാപനങ്ങൾ എത്രയാണ് ; വിശദമാക്കാമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31.12.2013 വരെ പൊതുവിപണിയിൽ നിന്നും 30163 കോടി രൂപയും, നബാർഡിൽ നിന്നും 1072.70 കോടി രൂപയും വായ്പ എടുത്തിട്ടുണ്ട്. എൽ.ഐ.സി.യിൽ നിന്നും വായ്പകളൊന്നും എടുത്തിട്ടില്ല. 1185 കോടി രൂപ കേന്ദ്ര വായ്പയായും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ദേശീയ സമ്പാദ്യ പദ്ധതി വഴിയുള്ള വായ്പകൾ എന്തു തുകയാണ് ലോക ബാങ്ക്, എ.ഡി.ബി., തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദേശ വായ്പകൾ എത്ര ; കേന്ദ്ര പദ്ധതി സഹായം എത്ര ; സെൻട്രൽ എയ്ഡ് എത്ര ; കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള സഹായം എത്ര ; ഇവ വിശദമാക്കാമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31.12.2013 വരെ ദേശീയ സമ്പാദ്യ പദ്ധതി വഴി 732.32 കോടി രൂപയും, 31.10.2013 വരെ ലോക ബാങ്കിൽ നിന്ന് 516.48 കോടി രൂപയും, എ.ഡി.ബി.യിൽ നിന്നും 177.23 കോടി രൂപയും, ജിക്കയിൽ നിന്നും 491.29 കോടി രൂപയും വായ്പയെടുത്തിട്ടുണ്ട്. 30.11.2013 വരെ കേന്ദ്രപദ്ധതി സഹായമായി 191.42 കോടി രൂപയും സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായമായി 2662.8 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായമായി 3143.39 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ